കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് നെൽകൃഷിക്ക് ദേശീയ കാർഷികവിള ഇൻഷുറൻസ് പദ്ധതി 01.10.99 (മുണ്ടകൻ കൃഷി) മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇപ്പോൾ നെൽകൃഷി മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

(ഡി) നെൽകൃഷിക്കു പുറമേ, വാഴ, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കുരുമുളക്, കൈതച്ചക്ക എന്നിവയെക്കൂടി ഈ വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നെൽകൃഷി പ്രോൽസാഹന നടപടി

8 (*78) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് കൃഷിക്കാർക്ക് എന്തൊക്കെ സൗജന്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കാനുള്ള പദ്ധതിക്ക് രൂപം നൽകുമോ;

(സി) നെൽവയലുകൾ നികത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുമോ;

(ഡി) നെൽകൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയോഗിച്ച ഡോക്ടർ ശ്യാമസുന്ദരൻ നായർ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുമോ;

(ഇ) കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വിത്തും വളവും നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(എഫ്) കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ നടീൽ യന്ത്രങ്ങളും മെതിയന്ത്രങ്ങളും നൽകാൻ സർക്കാർ സംവിധാനം ഏർപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ വഴി സൗജന്യങ്ങൾ നൽകിവരുന്നു. 'സീഡ് അതോറിറ്റി' തെരഞ്ഞെടുത്ത കർഷകർക്ക് നല്ല നെൽവിത്ത് ഉൽപ്പാദിപ്പിക്കുവാൻ നെൽവിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ ഉൽപ്പാദന സഹായവും സംഭരണ പ്രോൽസാഹനവും നൽകുന്നു. ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ നെല്ലടിസ്ഥാനമാക്കിയുള്ള കൃഷിസംവിധാനങ്ങളുടെ സചേതനമായ പരിപോഷണം എന്ന പദ്ധതി വഴി വിത്ത്, വളം, സസ്യസംരക്ഷണ ഉപാധികൾ എന്നിവയ്ക്ക് സൗജന്യം നൽകുന്നു. അടിസ്ഥാന സൗകര്യവികസനത്തിനും യന്ത്രവൽക്കരണത്തിനും

LIBRARY ARCHIVES Kerala Legislative Assembly

സഹായം നൽകുന്നു. നെൽകൃഷിക്ക് പൂർണമായ വൈദ്യുതി സൗജന്യം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഉൽപ്പാദനബോണസ്സ് നൽകിവരുന്നു. കർഷകർക്ക് ഗുണമേൻമയുള്ള വിത്ത് ലഭ്യമാക്കാൻ സംസ്ഥാനതല സീഡ് അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ന്യായമായ വില നൽകി നെല്ല് സംഭരിക്കുന്നതിനുള്ള പദ്ധതിയും സംഭരണത്തിന് മില്ലുകൾ സ്ഥാപിക്കുവാനും നടപടി എടുത്തുവരുന്നു.

(ബി) ഗ്രൂപ്പ് ഫാമിംഗ് ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(സി) കെ.എൽ.യു.ആക്ട് പ്രകാരം നടപടികൾ എടുത്തുവരുന്നു.

(ഡി) ഡോ.ശ്യാമസുന്ദരൻ നായർ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(ഇ) വിത്തും വളവും സൗജന്യനിരക്കിൽത്തന്നെ നൽകിവരുന്നു.

(എഫ്) ചെറുകിട യന്ത്രവൽക്കരണപദ്ധതി വഴി നടീൽയന്ത്രങ്ങളും മെതിയന്ത്രങ്ങളും ഇപ്പോൾ തന്നെ 100% സബ്സിഡിയിൽ വിവിധ സമിതികൾക്കും സഹകരണസംഘങ്ങൾക്കും നൽകിവരുന്നു.

കാപ്പിയുടെ താങ്ങുവില

19 (*79)ശ്രീ. എ.കെ. മണി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോർജ് ഇ മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) കാപ്പിക്ക് താങ്ങുവില നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) എങ്കിൽ എന്തായാണ്;

(ഡി) കാപ്പി സംഭരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ കേന്ദ്രഗവൺമെന്റോ കേന്ദ്ര ഗവൺമെന്റിനുവേണ്ടി മറ്റു ഏജൻസികളോ കഴിഞ്ഞവർഷം എത്ര കാപ്പി സംഭരിച്ചിട്ടുണ്ട്;

(എഫ്) സംസ്ഥാനം കഴിഞ്ഞവർഷം എത്ര കാപ്പി സംഭരിച്ചുവെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 27.3.2000-ന് കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിയോടും 9.6.2000-ന് കേന്ദ്ര കൃഷി വകുപ്പ് മന്ത്രിയോടും കാപ്പിക്ക് താങ്ങുവില പ്രഖ്യാപിച്ച് കാപ്പി സംഭരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നിശ്ചയിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിവേദനം നൽകുകയും നേരിട്ട് കേന്ദ്രമന്ത്രിമാരെ കണ്ട് ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തു.

(ഇ)& (എഫ്) കാപ്പി സംഭരണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly